M.G.U.P.S. KANNANALLOO

# Academic Master Plan

## 2025-26

# വിദ്യാലയ ചരിത്രം

വിദ്യാഭ്യാസ രംഗത്ത് കണ്ണനല്ലൂരിലെ വളരെ പഴക്കമുള്ള സ്കൂളാണ് കണ്ണനല്ലൂർ എം.ജി.യു.പി- സ്കൂൾ. കണ്ണനല്ലൂർ മുസ്ലീം ഗേൾസ് ലോവർപ്രൈമറി സ്കൂൾ 1938-ലാണ് ആരംഭിച്ചത്. 1987-ൽ ജനാബ് മൈതീൻകുഞ്ഞ് ലബ്ബയുടെ മൂത്ത പുത്രനായ ജനാബ് എം. അലിക്കുഞ്ഞു ലബ്ബയാണ് സ്കൂൾ സ്ഥാപിച്ചത്. മുട്ടയ്ക്കാവ് വടക്കേമംഗലത്ത് മാധവൻപിള്ളയായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. ശ്രീ. ആർ. ശങ്കർ മുഖ്യമന്ത്രി ആയിരുന്ന കാലത്ത് ഇത് യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്തു. യു.പി. സ്കൂളായി അപ്ഗ്രേഡ് ചെയ്തതിനു ശേഷം ഒന്നു മുതൽ ഏഴു വരെയുള്ള ക്ലാസുകൾ നടത്തി വരുന്നു.

ഇപ്പോൾ ഈ സ്കൂളിൽ പ്രീപ്രൈമറി വിഭാഗവും, എൽ.പി, യു.പി വിഭാഗവും നടത്തി വരുന്നു. പ്രീപ്രൈമറി വിഭാഗത്തിൽ 65 കുട്ടികളും എൽ.പി, യു.പി വിഭാഗത്തിൽ 617 കുട്ടികളും 25 അധ്യാപകരും ഒരു ഓഫീസ് സ്റ്റാഫും ഉണ്ട്. നിലവിൽ 23 ക്ലാസുകൾ പ്രവർത്തിച്ചുവരുന്നു. ആൺകുട്ടികൾക്ക് 11 ടോയ്‌ലറ്റും പെൺകുട്ടികൾക്ക് 10 ടോയ്‌ലറ്റും ഉൾപ്പെടെ ആകെ ടോയ്‌ലറ്റുകൾ ഉണ്ട്.

പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം, പി.ടി.എ, എം.പി.ടി.എ, എസ്.എസ്.ജി, എന്നിവരുടെ പങ്കാളിത്തം സജീവമായി ലഭിക്കുന്നു. ബഹുജന പങ്കാളിത്തത്തോടെ, സാമൂഹ്യപിന്തുണയോടെ-

വിവിധ ഏജൻസികളുടെ സഹകരണത്തോടെ അതിലുപരി സർക്കാർ സഹായത്തോടെ ഈ കർമ്മ പദ്ധതികളെല്ലാം പ്രവൃത്തിപഥത്തിലെത്തി പൂർത്തിയാക്കാൻ കഴിയുമെന്ന വിശ്വാസത്തോടെ സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

Jaseena

M.G.U.P.SCHOOL
ESTD: 1938
Kannanalloor

JASEENA. A
Headmistress
M.G.U.P.S.
Kannanalloor

# കുട്ടികളുടെ മാതൃഭാഷാ നിലവാരം ഉയർത്തൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല. |
| --- | --- | --- | --- |
| • എല്ലാ കുട്ടികളുടെയും മാതൃഭാഷാ നിലവാരം ഉയർത്തൽ. | • പഠനനില കണ്ടെത്തൽ. | ജൂൺ. | ക്ലാസ് അധ്യാപകർ, എസ്.ആർ.ജി |
| | • പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ | | |
| | • പദ കാർഡുകൾ. | | |
| | • ചിത്ര കാർഡുകൾ നൽകി കഥ പറയിപ്പിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | |
| | • ഡയറി, പത്രവായന | | |
| | • വിവിധ സാഹിത്യശാഖയിലെ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ. | | |
| | • ലൈബ്രറി സന്ദർശനം. | | |
| | • ഭാഷയിലെ വ്യവഹാര രൂപങ്ങൾ ക്ലാസിൽ അവതരണം. | | |
| | • ICT സാധ്യതയിൽ കവികളുടെ കവിതകളും പ്രഭാഷണങ്ങളും കേൾക്കാൻ അവസരം. | | |
| | • പതിപ്പ് നിർമാണം (പാഠഭാഗം) | | |
| | • മേനിപറച്ചിൽ – ഓരോ കുട്ടിയും പക്ഷിയായോ മൃഗമായോ സങ്കല്പിച്ച് തന്റെ ഗുണങ്ങൾ പറയുന്നു. | | |

# ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാൻ, എഴുതാൻ സംസാരിക്കാൻ ഉള്ള ശേഷി വികസിപ്പിക്കൽ | • pretest | ജൂൺ ആദ്യവാരം | English Teachers, SRG |
| | • പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തൽ<br>• Story Telling.<br>• Class interaction (Daily Routine) | ജൂൺ. | |
| | • ഇംഗ്ലീഷ് അസംബ്ലിയിൽ Speech, pledge, news reading, thought for the day, word a day | ആഴ്ചയിൽ ഒരു ദിവസം | |
| | • Wall Magazines<br>• News paper reading | സെപ്തംബർ മുതൽ. | SRG |
| | • Choreography, Script writing<br>• സ്കിറ്റുകൾ പ്രദർശിപ്പിക്കൽ<br>• Action song.<br>• Give simple reading books.<br>• Dairy<br>• Recitation<br>• English Drama (ICT) | സെപ്തംബർ | English Teacher. |

# ഗണിത ക്ലബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം ആസ്വാദ്യമാക്കുക, ഗണിതത്തോട് താല്പര്യം വളർത്തുക | • ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടുത്തൽ<br>• ഗണിത അസംബ്ലി<br>• ചുമർ പത്രിക തയ്യാറാക്കൽ<br>• പ്രകൃതിയിലെ ഗണിതം പരിചയപ്പെടുത്തൽ (എൽ.പി. ക്ലാസ്സ്)<br>• ഗണിതമൂല തയ്യാറാക്കൽ<br>• ഗണിത രൂപങ്ങളുടെ നിർമ്മാണം | ജൂൺ മുതൽ | ഗണിത അധ്യാപകർ | |
| | • ചതുഷ്ക്രിയകൾ ഉറപ്പിക്കൽ<br>• ഗണിത മാഗസിൻ തയ്യാറാക്കൽ<br>• ഗണിത ലാബ് സജ്ജീകരണം<br>• ഗണിത മേളകൾ സംഘടിപ്പിക്കുക<br>• അബാക്കസ് നിർമ്മാണം | സെപ്തംബർ | | |

# ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം മെച്ചപ്പെടുത്തൽ | • എൽ പി യു പി ക്ലാസ്സുകളിലെ ശാസ്ത്ര പരീക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.<br>• ആവശ്യമായ സാമഗ്രികൾ വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ശേഖരിക്കേണ്ടവ എന്നിവ തരംതിരിക്കുന്നു.<br>• സാമഗ്രികൾ വാങ്ങുന്നു<br>• സ്കൂൾ ലാബ് നവീകരണം<br>• ലഘു പരീക്ഷണങ്ങളുടെ ശില്പശാല | ജൂൺ ആദ്യവാരം | ശാസ്ത്ര അധ്യാപകർ | |
| | • ശാസ്ത്രവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. തരം തിരിക്കുന്നു.<br>• ഫീൽഡ് ട്രിപ്പ്<br>• ഇലകൾ, വേരുകൾ... ശേഖരണം<br>• ലഘുമാതൃകകൾ നിർമ്മിക്കുന്നു<br>• പരിസര നിരീക്ഷണം<br>• ശാസ്ത്രലാബിലെ ഉപകരണങ്ങൾ പരിചയപ്പെടുത്തൽ<br>• ICT- സാധ്യത (ചാന്ദ്രദിനം, ഓസോൺ ദിനം<br>• Budding, layering | | ശാസ്ത്ര അധ്യാപകർ | |

Integration

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഒന്നും രണ്ടും ക്ലാസ്സുകളി-ലെ കുട്ടികളിൽ വായനയും എഴുത്തും ഉറപ്പിക്കൽ | • പൂക്കൾ, ചെടികൾ, പച്ചക്കറികൾ, മൃഗങ്ങൾ, പക്ഷികൾ, വീട്ടിലെ ഉപകരണങ്ങൾ, സ്കൂളിലെ ഉപകരണങ്ങൾ എന്നിവരുടെ പേരുവിവരങ്ങൾ പറയുന്നു.<br>• ചിത്രവായന, അക്ഷരപ്പാട്ടുകൾ, സംഖ്യാപാട്ടുകൾ അവതരണം<br>• അക്ഷരവ്യക്ഷം, അക്ഷരങ്ങളിലൂടെ പദനിർമ്മാണം<br>• അമ്മവായന, ചേച്ചിവായന, പദസൂര്യൻ, വീഡിയോപ്രദർശനം<br>• പദചാർട്ടിലൂടെ സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും ഉറപ്പിക്കൽ.<br>• ഇംഗ്ലീഷ് അസംബ്ലി<br>• കടങ്കഥകൾ | തുടർന്ന് അദ്ധ്യവാരം | ക്ലാസ്സ് അധ്യാപിക | |

# ഹിന്ദി പഠിക്കാം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| UP തലത്തിലെ എല്ലാ കുട്ടികളും അക്ഷരങ്ങളും പദങ്ങളും, ആശയങ്ങളും ഉറപ്പിക്കൽ. | • ചിത്രങ്ങളുടെയും ICT-യുടെയും സഹായത്തോടെ കുട്ടികൾക്ക് അക്ഷര ചിഹ്നങ്ങൾ, ലഘുവാക്യങ്ങൾ എന്നിവയിലൂടെ എഴുത്ത്, വായന സാധ്യമാകുന്ന പ്രവർത്തനങ്ങൾ.<br>• അക്ഷരമാല പ്രദർശനം.<br>• വാക്കുകൾ എഴുതിയ കാർഡുകൾ.<br>• ഹിന്ദി ഗ്രന്ഥശാല<br>• അസംബ്ലി നടത്തൽ.<br>• ബാലഗീതങ്ങൾ, കവിതാശകലങ്ങൾ ലഘുപ്രസംഗങ്ങൾ എന്നിവയുടെ ക്ലാസ് അവതരണം.<br>• ദിനാചരണങ്ങൾ സംഘടിപ്പിക്കുക.<br>• ഹിന്ദി ക്ലാസ് അവതരണം.<br>• ICT-സാധ്യത പരിപോഷിപ്പിക്കുക<br>• വാക്യങ്ങളുടെ നിർമ്മാണം. | ജൂൺ<br>ജൂൺ മുതൽ മാർച്ച് വരെ. | ഹിന്ദി അധ്യാപകർ<br>ഹിന്ദി അധ്യാപകർ. |

# ഭവനസന്ദർശനം

| ലക്ഷ്യം | പ്രവർത്തനം | കാലം. | ചുമതല |
|---|---|---|---|
| കുട്ടികളുടെ ഭവനസന്ദർശനം. | • ക്ലാസിലെ കുട്ടികളുടെ വീടുകളിൽ ക്ലാസ് അധ്യാപകർ സന്ദർശിക്കുന്നു.<br>• കുട്ടികളുടെ പഠനനിലവാരം, ചുറ്റുപാട് എന്നിവ നിരീക്ഷിക്കുകയും എന്റെ കുട്ടി എന്ന അധ്യാപക ഡയറിയിൽ തയ്യാറാക്കുകയും ചെയ്യുന്നു.<br>• ആവശ്യമായ പിന്തുണ നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് അധ്യാപകർ, HM |

# ഡയറി പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ. | കാലം | ചുമതല. |
| --- | --- | --- | --- |
| LP കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ് വിഷയങ്ങളിൽ ഡയറി പരിശീലനം. | • അധ്യാപകൻ ഡയറി മോഡൽ പ്രദർശിപ്പിക്കുന്നു.<br>• അധ്യാപകൻ എഴുതിയ ഡയറി പരിചയപ്പെടുത്തുന്നു.<br>• ആഴ്ചയിൽ രണ്ട് ദിവസം ഡയറി എഴുതാൻ പരിശീലിപ്പിക്കുന്നു. | ജൂലൈ - മാർച്ച്. | അധ്യാപകർ. |

# പബ്ലിക് ലൈബ്രറി സന്ദർശനം

- യു.പി ക്ലാസിലെ കുട്ടികൾക്ക് വായനയിൽ മുൻതൂക്കം നൽകുന്നതിനുവേണ്ടി പബ്ലിക് ലൈബ്രറിയിൽ സന്ദർശനം നടത്തുന്നു.
- പുസ്തകവായനയിൽ താല്പര്യം വളർത്തുന്നു.
- ഭാഷാപരിജ്ഞാനം വികസിപ്പിക്കുന്നു
- പഠനശീലങ്ങൾ വളർത്തുന്നു.
- കല്പനാശക്തിയും സൃഷ്ടിപരമായ ചിന്തയും ഉണർത്തുന്നു.
- വ്യത്യസ്ത വിഷയങ്ങളിലുള്ള അറിവ് വർധിപ്പിക്കുന്നു
- സാമൂഹിക ഇടപെടലുകൾക്കും മാനസിക വളർച്ചയ്ക്കും അവസരമൊരുക്കുന്നു.
- ഡിജിറ്റൽ ഉപകരണങ്ങളിലേക്കുള്ള കുട്ടികളുടെ അതിരുകടക്കലുകൾ കുറയ്ക്കുന്നു.

## സ്കൂളിലെത്തിക്കാൻ

- ക്ലാസിൽ പൊതുവായി Absent ആകുന്ന കുട്ടികളെ ക്ലാസിലെത്തിക്കുന്നതിനായി രക്ഷകർത്താവുമായി ബന്ധപ്പെടുകയും അതിന്റെ കാരണങ്ങൾ കണ്ടെത്തുക
- കുട്ടികളുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹാരം കണ്ടെത്തുന്നു.
- സ്കൂൾ പരിസ്ഥിതിയെ കൂടുതൽ ആകർഷകമാക്കുന്നു
- പഠനം രസകരമാക്കുക - കളിയും പഠനവുമൊക്കെ കൂട്ടിചേർക്കുന്ന സാങ്കേതിക വിദ്യകൾ ഉപയോഗിക്കുക
- ക്ലാസിൽ വരാതിരിക്കുന്ന കുട്ടികൾക്ക് പിന്നീട് പഠിക്കാൻ ബുദ്ധിമുട്ട് തോന്നും. അതിന് Remedial ക്ലാസുകൾ നൽകുക.
- സഹപാഠികളുടെ പിന്തുണ.

## 11. സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ❖ **കളിയിലൂടെ സംസ്കൃതപഠനം**<br>• സംഭാഷണ സാമർത്ഥ്യം<br>• സംസ്കൃതജ്ഞാനം | • കളികളെക്കുറിച്ചുള്ള അറിവ് നൽകൽ<br>• കളികൾക്കിടയിൽ സംസ്കൃത സംഭാഷണം മാത്രം<br>• വിവിധ കളിക്കാരുടെ സംഘ രൂപീകരണം. | എല്ലാ മാസവും | | |
| ❖ **സംസ്കൃത സംഭാഷണം**<br>• സംഭാഷണ സാമർത്ഥ്യം<br>• അവതരണ പാടവം<br>• സംസ്കൃത ജ്ഞാനം | • സംസ്കൃതം പറയുവാനും കേൾക്കുവാനുമുള്ള അവസരം<br>• ലഘുവായ പഠന തന്ത്രങ്ങളുടെ ആവിഷ്കരണം.<br>• ഉചിതമായ പ്രോത്സാഹനം നൽകൽ | എല്ലാ മാസവും | | |
| ❖ **പഠനയാത്ര**<br>• ചരിത്രപരമായ അറിവ്നേടൽ<br>• കവികളെക്കുറിച്ചും മഹാന്മാരെക്കുറിച്ചുമുള്ള അറിവ് നേടൽ<br>• സംസ്കൃത ജ്ഞാനം | • സംസ്കൃത ഗ്രാമങ്ങളിലേയ്ക്കുള്ള പഠനയാത്ര.<br>• കവികളുടെയും മഹാന്മാരുടെയും സ്മാരക സന്ദർശനം<br>• കലാകേന്ദ്ര സന്ദർശനം | 1 വർഷം | | |
| ❖ **കലാ സംസ്കൃതം**<br>• കല അവബോധം<br>• സംസ്കൃത ജ്ഞാനം<br>• അവതരണ പാടവം | • സംസ്കൃതത്തിൽ പാടാനും, പറയുവാനും, എഴുതുവാനും മികവു പുലർത്തുന്നു.<br>• വേദികളിൽ അവതരിപ്പിക്കുവാനുള്ള അവസരം (ഉദാഹരണം - കഥാകഥനം, കവിതാരചന, ഉപന്യാസം, പ്രശ്നോത്തരി) | 1 വർഷം | | |

| | | | | |
|---|---|---|---|---|
| ❖ …ത്താ സംസ്കൃതം<br>• വാർത്താ ജ്ഞാനം<br>• നിർമ്മാണ പാടവം<br>• വാർത്താ വായനാ പാടവം | • എല്ലാ കുട്ടികൾക്കും കയ്യെഴുത്ത് മാസിക നിർമ്മാണം, വാർത്താ പത്രിക നിർമ്മാണം, നിർമ്മിച്ചവ ക്ലാസ്സിൽ പ്രസിദ്ധീകരിക്കുവാനും വാർത്തകൾ കാണുവാനും കേൾക്കുവാനും അവസരങ്ങൾ നൽകുന്നു. | എല്ലാ മാസവും | | |
| ❖ സംസ്കൃത വായന<br>• സംസ്കൃത ജ്ഞാനം | • കുട്ടികൾക്ക് സംസ്കൃത വാക്യങ്ങൾ വായിക്കാൻ സാധിക്കണം. കുട്ടികളുടെ അധിക വായനയ്ക്കായി സംസ്കൃത പുസ്തകങ്ങൾ സമാഹരിച്ചുകൊണ്ട് സംസ്കൃത ലൈബ്രറി ഒരുക്കുക<br>• വായനാ കാർഡുകൾ നിർമ്മിക്കുക<br>• പഴങ്ങൾ, പച്ചക്കറികൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവയുടെ ചിത്രങ്ങളും പേരുകളും നൽകുക. | ജൂൺ മാസം മുതൽ | | |
| ❖ IT-യിലൂടെ സംസ്കൃത പഠനം<br>• സാങ്കേതിക വിജ്ഞാനം<br>• നിർമ്മാണ പാടവം<br>• സംസ്കൃത ജ്ഞാനം<br>• പ്രദർശന പാടവം | • ഐ.ടി.യിലൂടെ സംസ്കൃത പഠനം മെച്ചപ്പെടുത്തുന്നു.<br>• സംസ്കൃത ടൈപ്പിംഗ് പരിശീലനം, സ്ലൈഡ് നിർമ്മാണം, ഗാനം, വീഡിയോ എന്നിവയുടെ നിർമ്മാണം, നിർമ്മിച്ചവയുടെ പ്രദർശനം | എല്ലാ മാസവും | | |

## 12. അറബി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ❖ **അറബിക് മധുരം**<br>• അറബിക് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി | • എഴുത്ത്, വായന<br>• ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>• അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസമുള്ള കുട്ടികൾക്ക് ചാർട്ടിൽ അക്ഷരങ്ങൾ നൽകി നിറം നൽകിക്കുന്നു. | ജൂൺ വാരം മുതൽ | അറബിക് അധ്യാപകർ | |
| ❖ **വായനാലോകം**<br>• കുട്ടിയെ വായനയുടെ ലോകത്തേയ്ക്ക് കൊണ്ടുവരാൻ<br>• നല്ല വായനക്കാരനാക്കുക | • തെരഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തക ശേഖരണം 'അറബിക് ലൈബ്രറി'<br>• പുസ്തകങ്ങൾ - അറബിക് ചിത്രകഥ, അറബിക് കഥാ പുസ്തകങ്ങൾ, അറബിക് കുട്ടിക്കവിതകൾ, അറബിക് ചെറിയ വിവരണ ബുക്കുകൾ, അറബിക് ക്വിസ്. | ജൂൺ വാരം മുതൽ | അറബിക് അധ്യാപകർ, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | |
| ❖ **ആസ്വാദന ലോകം** | **ക്ലാസ്സ് വായന**<br>• ഓരോ അറബിക് പീരിയഡിലും ആദ്യ 5 മിനിറ്റിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക.<br>• വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വയ്ക്കുക.<br>• കൂടുതൽ വായിച്ച കുട്ടികൾക്ക് സമ്മാനം നൽകുക. | | | |

| | | | | | | |
|---|---|---|---|---|---|---|
| | | • പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റു കുട്ടികൾക്ക് ആസ്വദിക്കുവാനുള്ള അവസരം സൃഷ്ടിക്കുവാനും കഴിയുന്നു. രണ്ടാഴ്ചയിലൊരിക്കൽ ആസ്വാദന സഭ ചേരുക.<br>• കാഴ്ചയും കേൾവിയും - നേരത്തെ ഡൗൺലോഡ് ചെയ്തെടുത്ത മികച്ച അറബിക് കഥകളും പാട്ടുകളും മൊബൈൽ, ടാബ് സഹായത്തോടെ കാണുവാനുള്ള അവസരം ഒരുക്കൽ. | | | | |
| | ❖ പദപരിചയം<br>• അറബിപദസമ്പത്ത് | • ഉദാഹരണം - ഗുണപാഠകഥകൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കഥകൾ<br>• ഒരു പദം പരിചയപ്പെടൽ- അറബിക് അധ്യാപകന്റെ മേനോട്ടത്തിൽ എല്ലാ ദിവസവും ഒരു അറബി പദം പരിചയപ്പെടുത്തുന്നു.<br>• എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തുകയും മികച്ച കുട്ടികൾക്ക് സമ്മാനവും നൽകുന്നു. | 10 മാസം | | | |
| | ❖ അറബിക് അസംബ്ലി | • മാസത്തിലൊരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക.<br>• ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക.<br>• ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക. | 1 വർഷം | | | |

# 13. ഉറുദു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| <u>ലിഖ്ന പഢ്ന ആസാൻ</u><br>• എഴുത്തിലും വായനയിലും പിന്നോക്കം നിൽക്കുന്ന കുട്ടികളെ അക്ഷരത്തെറ്റുകൂടാതെ എഴുതാനും ഒഴുക്കോടെയും ഉച്ചാരണ ശുദ്ധിയോടെയും വായിക്കാനുമുള്ള ശേഷി കൈവരക്കുക. | • അക്ഷര പദകാർഡുകളുടെ സഹായത്താൽ അക്ഷരങ്ങളുടെ രൂപവും ഉച്ചാരണവും ഉറപ്പിക്കുന്നു.<br>• പദ-ചിത്രകാർഡുകൾ വായിച്ച് അനുയോജ്യമായവ യോജിപ്പിക്കുന്നു.<br>• ചിത്രങ്ങളുടെ സഹായത്താൽ അക്ഷരങ്ങളുടെ സഹായത്താലും വാക്യങ്ങൾ നിർമ്മിച്ച് എഴുതുന്നു. അവ വായിക്കുന്നു.<br>• കൊച്ചു കഥകളും കവിതകളും വിവരണങ്ങളും വായിക്കുന്നു. പകർത്തി എഴുതുന്നു. | ജൂൺ<br>ആഗസ്ത് | ഉറുദു അധ്യാപകൻ | |
| <u>സുഖലി ഉറുദു</u><br>• പാഠ്യപദ്ധതിയിൽ വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ സ്വായത്തമാക്കുന്നതിന് പിന്തുണയേകുന്ന പ്രവർത്തനങ്ങളുടെ സഹായത്താൽ വിദ്യാർത്ഥികളുടെ ഉറുദു ഭാഷാ ശേഷികൾ പരിപോഷിപ്പിക്കുന്നു. | • കൂട്ടുകാരോടും അധ്യാപകരോടും ഉറുദുവിൽ സംസാരിക്കാം.<br>• <u>എല്ലാ ദിവസവും ചിന്താവിഷയം-</u> <u>ചിന്തോദ്ദീപകങ്ങളായ</u> കാവ്യ ഈരടികൾ കണ്ടെത്തി പ്രദർശിപ്പിക്കുന്നു.<br>• വിദ്യാലയത്തിലെ പ്രധാനപ്പെട്ട സംഭവങ്ങളുടെ വാർത്തകൾ തയ്യാറാക്കി ചുമർ പത്രം നിർമ്മിക്കുന്നു. | ഓരോ മാസവും | ഉറുദു അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| **ഖുശ്നവീസി**<br>• ഉറുദു ഭാഷാ പഠനത്തോടൊപ്പം ഭാവിയിലെ തൊഴിൽ സാധ്യതയ്ക്ക് വഴികാട്ടുന്നതിന്<br>• ഉറുദു കാലിഗ്രഫി കലയിൽ താത്പര്യമുള്ളവരെ കണ്ടെത്തി പരിശീലനം നൽകുന്നതിന് | • ഉറുദു കാലിഗ്രഫി ശില്പശാല സംഘടിപ്പിച്ച് താത്പര്യമുള്ളവരെ കണ്ടെത്തുന്നു. കൃത്യമായ പരിശീലനം നൽകുന്നു.<br>• കാലിഗ്രഫിമത്സരം സംഘടിപ്പിക്കുന്നു.<br>• ചുമർപത്രം, പോസ്റ്റർ, പ്ലക്കാർഡ്, സോപ്പ് സോപ്പുപൊടി എന്നിവയുടെ നിർമ്മാണത്തിൽ കുട്ടികളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ ജനുവരി വരെ | | |
| **ഡിജിറ്റൽ ഉറുദു**<br>• ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ഉറുദു പഠനം രസകരവും ഫലപ്രദവുമാക്കുന്നതിന് .<br>• ഉറുദു ടൈപ്പിംഗ് പരിശീലനം നൽകുകവഴി ഡി.റ്റി.പി തൊഴിൽ സാധ്യതയ്ക്ക് ആക്കം കൂട്ടുന്നതിന് | • ഉറുദു ഭാഷാ പഠനത്തിന് സഹായിക്കുന്ന ആൻഡ്രോയ്ഡ് ആപ്പുകൾ പരിചയപ്പെടുത്തുന്നു.<br>• ഉറുദു വിജ്ഞാന ശേഖരങ്ങളായ വെബ് സൈറ്റുകൾ പരിചയപ്പെടുത്തുന്നു.<br>• ഉറുദു കീബോർഡ് പരിചയപ്പെടുത്തുന്നു. പ്രയോഗിക പരിശീലനം നൽകുന്നു.<br>• ഡിജിറ്റൽ പോസ്റ്ററുകളും പ്ലക്കാർഡുകളും നിർമ്മിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | | |
| **നുമായിശ്**<br>• ഉറുദു സാഹിത്യകാരന്മാരെയും സാഹിത്യ കൃതികളെയും സാഹിത്യ രൂപങ്ങളെയും പരിചയപ്പെടുത്തുന്നതിനും സാഹിത്യ താത്പര്യം സൃഷ്ടിക്കുന്നതിനും | • കുട്ടികൾ സ്വന്തം രചനകൾ ടൈപ്പ് ചെയ്ത് ഇ-പുസ്തകം നിർമ്മിക്കുന്നു.<br>• പാഠപുസ്തകത്തിൽ പരാമർശിക്കപ്പെട്ട കവികളുടെയും കഥാകൃത്തുക്കളുടെയും മറ്റ് എഴുത്തുകാരുടെയും ചിത്രങ്ങൾ ശേഖരിക്കുന്നു. സാഹിത്യകാരന്മാരെക്കു റിച്ച് കുറിപ്പ് തയ്യാറാക്കി ആൽബം നിർമ്മിക്കുന്നു.<br>• ഉറുദു സാഹിത്യകൃതികളുടെ ശേഖരമൊരുക്കി പ്രദർശിപ്പിക്കുന്നു.<br>• ഉറുദു ഭാഷാ ചരിത്രങ്ങൾ ശേഖരിച്ച് പ്രദർശനം ഒരുക്കുന്നു. | അഞ്ച് വർഷം | ഉറുദു അധ്യാപകൻ | |